(എ) മാവൂർ-കോഴിക്കോട് റൂട്ടിൽ കെ.എസ്.ആർ.ടി.സി.യുടെ 4 ബസുകൾ ചെയിൻ സർവ്വീസ് ആയി ഓടിയിരുന്നതിൽ ഇപ്പോൾ എത്ര ബസുകൾ ഓടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ, നിർത്തലാക്കിയ ബസുകൾ സർവ്വീസ് നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബസുകളുടെ അപര്യാപ്തതമൂലം പൂർണ്ണമായും ദേശസാൽകൃതമായ മേഖലകളിൽ സർവ്വീസ് നടത്തുന്നതിനുവേണ്ടി വരുമാനം കുറവുള്ളതും ദേശസാൽകൃത മേഖലയല്ലാത്ത റൂട്ടുകളിലുള്ളതുമായ സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവന്നു.

(ബി) ബസുകളുടെ കുറവുമൂലം തൽക്കാലം നിർവാഹമില്ല.

82 (370) ഡ്രൈവർമാരുടെ ഒഴിവുകൾ

ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി കെ.എസ്.ആർ.ടി.സി.യിൽ എത്ര ഡ്രൈവർമാരുടെ ഒഴിവുകളാണ് നിലവിൽ ഉള്ളത്; ജില്ല തിരിച്ചുള്ള കണക്കു നൽകുമോ;

(ബി) ഇപ്പോൾ ദിവസ വേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും എത്ര ഡ്രൈവർമാർ സംസ്ഥാനത്തെ വിവിധ ഡിപ്പോകളിലായി ജോലിനോക്കി വരുന്നുണ്ടെന്ന് വിശദ വിവരം നൽകുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ഡ്രൈവർമാർക്ക് സ്ഥിരം ജീവനക്കാർക്ക് നൽകുന്ന സർവ്വീസ് ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) വിവിധ ജില്ലകളിലായി കെ.എസ്.ആർ.ടി.സി.യിൽ 6380 ഡ്രൈവർമാരുടെ ഒഴിവുകളുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	2692
കൊല്ലം	-	673
പത്തനംതിട്ട	-	234
ആലപ്പുഴ	-	543
കോട്ടയം	-	324
ഇടുക്കി	-	73
എറണാകുളം	-	334
തൃശ്ശൂർ	-	263
പാലക്കാട്	-	196
മലപ്പുറം	-	96
കോഴിക്കോട്	-	174
വയനാട്	-	240

LIBRARY ARCHIVES, Kerala Legislative Assembly

കണ്ണൂർ	-	339
കാസർഗോഡ്	-	190
ആകെ		6380

(ബി) 1029 ഡ്രൈവർമാർ എംപാനൽ വ്യവസ്ഥയിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം ലഭിച്ച 4334 ഡ്രൈവർമാർ ഉൾപ്പെടെ 6262 ഡ്രൈവർമാർ കെ.എസ്.ആർ.ടി.സി. യുടെ വിവിധ ഡിപ്പോകളിലായി ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(സി) അനുഭാവപൂർവ്വം പരിഗണിച്ചുവരുകയാണ്.

83 (371) കെ.എസ്.ആർ.ടി.സി.-യിലെ നിയമനം

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചശേഷം കെ.എസ്.ആർ.ടി.സി.-യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെ ഉത്തരവ് അനുസരിച്ചാണ് ഇവരെ നിയമിച്ചത്;

(സി) ഇവർക്ക് ഇതിനു മുമ്പ് ഏറ്റവും ഒടുവിൽ കെ.എസ്.ആർ.ടി.സി.-യിൽ നിയമനം ലഭിച്ചതെന്നായിരുന്നു;

(ഡി) ഇത്ര ദീർഘമായ കാലത്തിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റിൽപ്പെടാത്ത ഇവരെ നിയമിക്കുവാനുള്ള കാരണമെന്ത്;

(ഇ) ഈ നിയമനം സംബന്ധിച്ച് തെരഞ്ഞെടുപ്പു കമ്മിഷൻ എന്തെങ്കിലും വിശദീകരണം ചോദിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ)മുതൽ(എഫ്)വരെ വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

84 (372) പറശ്ശിനിക്കടവിലേക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുവാൻ നടപടി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം കോട്ടപ്പുറത്തുനിന്നും കണ്ണൂർ ജില്ലയിലെ തീർത്ഥാടന കേന്ദ്രമായ പറശ്ശിനിക്കടവിലേക്ക് നിലവിൽ ബോട്ട് സർവ്വീസ് നടത്തിവരുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ സർവ്വീസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly